രാജീവ്ഗാന്ധി ഗ്രാമ വൈദ്യുതീകരണ പദ്ധതിയിൽ കേന്ദ്ര സർക്കാർ ഗ്രാന്റ്

18 [2007] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ രാജീവ്ഗാന്ധി ഗ്രാമ വൈദ്യുതീകരണ പദ്ധതിയിൽ കോളത്തിൽ നിന്നും ഉൾപ്പെടുത്തിയിരിക്കുന്ന ഗ്രാമങ്ങൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ പദ്ധതിയിൽ കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് എത്ര യാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 14 ജില്ലകളിലേയും വൈദ്യുതി എത്തിയിട്ടില്ലാത്ത 3578 കരകം വൈദ്യുതീകരിക്കുന്നതിനുള്ള പദ്ധതി കേന്ദ്ര സർക്കാരിനു സമർപ്പിച്ചിരി ക്കയാണ്.

(ബി) പദ്ധതി തുകയുടെ 90 ശതമാനം മൂലധന സബ്സിഡിയായും 10 ശതമാനം ലോണായും ലഭിക്കുന്നു. ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ കരകം 22,175.75 ലക്ഷം രൂപ ചെലവിൽ വൈദ്യുതീകരിക്കുന്നതിനുള്ള അനുമതി, ഈ പദ്ധതിയുടെ ഫണ്ടിംഗ് ഏജൻസിയായ റൂറൽ ഇലക്ട്രി ഫിക്കേഷൻ കോർപ്പറേഷനിൽ നിന്നു ലഭിച്ചു. പദ്ധതി ചെലവിന്റെ 10 ശതമാനം ആയ 2,217.57 ലക്ഷം രൂപ ലോണായും, ഈ കരകളിലെ ദാരിദ്ര്യ രേഖക്ക് താഴെയുള്ള 1,22,187 വീടുകൾ വൈദ്യുതീകരിക്കുന്നതിനുള്ള പദ്ധതി ചെലവായ 1,832.81 ലക്ഷം രൂപ ഗ്രാന്റായും ബാക്കി തുകയുടെ 90 ശതമാനമായ 18,125.37 ലക്ഷം രൂപ മൂലധന സബ്സിഡിയായും ലഭിക്കും.

ഇടുക്കി ജില്ലയിലെ വികസന പ്രവർത്തനങ്ങൾ

19 [2008] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ വൈദ്യുതി വകുപ്പ് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിൽ വരുത്തിയതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവയിൽ പൂർത്തീകരിച്ചവ ഏതെല്ലാം; നടന്നുവരുന്നവ ഏതെല്ലാം; ഇനി നടപ്പിലാക്കാനുള്ളവ ഏതെല്ലാം എന്ന് വെളിപ്പെടുത്തുമോ;

(സി) ഓരോ ഇനത്തിലും ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോന്നിനുമുള്ള ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ, ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) വാഴത്തോപ്പ് 66 കെ. വി. സബ് സ്റ്റേഷനിൽ സ്ഥാപിതശേഷി ഉയർത്തിയതിനു—56 ലക്ഷം രൂപ.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

തൊടുപുഴ 66 കെ. വി. സബ് സ്റ്റേഷനിൽ പാനൽ മാറിവച്ചതിന്—35 ലക്ഷം രൂപ.

ഉടുമ്പന്നൂർ 110 കെ. വി. സബ് സ്റ്റേഷൻ ആൻറ് ലൈൻ—500 ലക്ഷം രൂപ.

നെടുങ്കണ്ടം 66 കെ.വി. സബ് സ്റ്റേഷൻ ആൻറ് ലൈൻ—270 ലക്ഷം രൂപ.

ഉപ്പുതറ 33 കെ. വി. സബ് സ്റ്റേഷൻ ആൻറ് ലൈൻ—50 ലക്ഷം രൂപ.

(ഡി) അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

വികലാംഗരെ സ്ഥിരപ്പെടുത്താൻ ഉത്തരവ്

20 [2009] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. ഒ. (പി) നമ്പർ 33/2005/എസ്. ഡബ്ളിയു. ഡി. പ്രകാരം 14-8-1998 മുതൽ 14-8-1999 വരെയുള്ള കാലയളവിൽ 179 ദിവസം എംപ്ലോയ്മെൻറ് വഴി സേവനം ചെയ്ത വികലാംഗരെ സ്ഥിരപ്പെടുത്തുവാനുള്ള ഉത്തരവിൽ വൈദ്യുതി ബോർഡിനെ ഒഴിവാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വൈദ്യുതി ബോർഡിനുകൂടി ഈ ഉത്തരവ് ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സേവനകാലം 179 ദിവസം തികയുന്ന ദിവസം അവധിയായാൽ 178-ാം ദിവസം പിരിച്ചുവിടുമ്പോൾ ഉണ്ടാകുന്ന ഒരു ദിവസത്തെ നഷ്ടം പരിഹരിക്കുവാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ, ബി & സി) 5-3-2005-ലെ ജി. ഒ. (പി) 33/2005/സാ.ക്ഷേ.വ. ഉത്തരവ് പ്രകാരം 15-8-1998 മുതൽ 15-8-1999 വരെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന നിയമനം നേടി 179 ദിവസം സേവനം പൂർത്തിയാക്കിയ വികലാംഗരായ ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്താൻ ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിൽ പൊതുമേഖലാ സ്ഥാപനങ്ങളെ ഉൾപ്പെടുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നേടിയ താൽക്കാലികരായ വികലാംഗരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ചും ഒരു ദിവസത്തെ നഷ്ടം പരിഹരിക്കുന്നത് സംബന്ധിച്ചും ഒരു പൊതുതീരുമാനം ആവശ്യമാണ്.

മിനിമം ഗ്യാരൻറി പ്രകാരം വൈദ്യുതി കണക്ഷൻ

21 [2010] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ തിരുവോട് മിനിമം ഗ്യാരൻറി പ്രകാരം വൈദ്യുതി കണക്ഷൻ നൽകിയത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ,

(ബി) മിനിമം ഗ്യാരണ്ടി പ്രകാരം ഉപഭോക്താക്കൾ വൈദ്യുതി ചാർജ് അടയ്ക്കാൻ ബാക്കിയുണ്ടോ എന്നറിയിക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly